# ACADEMY OF MEDICAL SCIENCES

**PARIYARAM- 670503, KANNUR DISTRICT, KERALA**

Phone: 0497-2808080, 2808111, 121 (15 Lines), Fax: 0497-2808133
Email: pmch.pariyaram@gmail.com, Web: www. mcpariyaram.com
Recognised by MCI, Vide No. V. 11015/2/2002-ME (Policy-1) dated 09-07-2002


479/PR/Dtd 11.08.2017 പ്രസിദ്ധീകരണത്തിന്

## ബി.ഫാം ലാറ്ററൽ എൻട്രി :
## പരിയാരത്ത് അപേക്ഷ ക്ഷണിച്ചു

കണ്ണൂർ : അക്കാദമി ഓഫ് മെഡിക്കൽ സയൻസസി (പരിയാരം മെഡിക്കൽ കോളേജ്)ന് കീഴിലുള്ള ഫാർമസി കോളേജിൽ ബി.ഫാം ലാറ്ററൽ എൻട്രി സീറ്റിൽ മാനേജുമെന്റ് ക്വാട്ടയിലേക്ക് തിങ്കളാഴ്ച മുതൽ അപേക്ഷിക്കാം. 50 ശതമാനത്തിൽ കുറയാത്ത മാർക്കുനേടി ഡിപ്ലോമ ഇൻ ഫാർമസി (ഡി.ഫാം) കോഴ്സ് പാസായവർക്കാണ് അപേക്ഷിക്കാൻ കഴിയുക.

അപേക്ഷാ ഫോറവും പ്രോസ്പെക്ടസും ഫാർമസി കോളേജ് പ്രിൻസിപ്പാൾ ഓഫീസിൽ നിന്ന് നേരിട്ട് ലഭിക്കും. അപേക്ഷാ ഫോറത്തിനും പ്രോസ്പെക്ടസിനും 500 രൂപയാണ് വില. ആഗസ്ത് 18 മുതൽ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തും അപേക്ഷിക്കാൻ സാധിക്കും. ഡൗൺലോഡ് ചെയ്ത് അപേക്ഷിക്കുന്നവർ, പ്രിൻസിപ്പാൾ, അക്കാദമി ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസസ് - പരിയാരം എന്ന പേരിൽ പരിയാരത്തോ കണ്ണൂരിലോ മാറാവുന്ന വിധത്തിലെടുത്ത 500 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതമാണ് അപേക്ഷിക്കേണ്ടത്.

പൂരിപ്പിച്ച അപേക്ഷാഫോറം 31.08.2017 ന് വൈകീട്ട് 4 മണിക്കുള്ളിൽ പ്രിൻസിപ്പാൾ, പരിയാരം ഫാർമസി കോളേജ്, പരിയാരം മെഡിക്കൽ കോളേജ് പി.ഒ, കണ്ണൂർ -670503 എന്നവിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ ലഭിച്ചിരിക്കണം. ലാറ്ററൽ എൻട്രിവഴി തെരഞ്ഞെടുക്കപ്പെടുന്നവർ ബി.ഫാം രണ്ടാം വർഷ കോഴ്സിലേക്കാണ് നേരിട്ട് പ്രവേശനം നേടുന്നത്.

Sd/-
**ഡയരക്ടർ**
(കെ.രവി)